# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 162      08.02.2016-ലെ മറുപടിക്ക്

## <u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്</u>

| | <u>ചോദ്യം</u><br>ഡോ. ടി.എം. തോമസ് ഐസക് | <u>ഉത്തരം</u><br>ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാണോ ; എങ്കിൽ ഏന്തെല്ലാം അടിസ്ഥാനപ്പെടുത്തിയാണ് ഇത് അവകാശപ്പെടുന്നതെന്ന് വിശദമാക്കാമോ ; | സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാണെങ്കിലും നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാലും വിവിധ അടിസ്ഥാന ചെലവിനങ്ങൾക്ക് വൻതോതിൽ പണം ചെലവിടേണ്ടി വരുന്നതിനാലും നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്. |
| (ബി) | സാമ്പത്തിക സ്ഥിതി പ്രതിസന്ധിയിലാണെങ്കിൽ ആയതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ ; പ്രതിസന്ധി ഏതെല്ലാം നിലയിൽ ഇന്ന് സംസ്ഥാനം നേരിടുന്നുണ്ടെന്നും വ്യക്തമാക്കാമോ ; | |
| (സി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധനകാര്യ വകുപ്പ് സെക്രട്ടറി സർക്കാരിന് സമർപ്പിച്ച ഏറ്റവും ഒടുവിലത്തെ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | നിലവിലെ സാമ്പത്തിക സ്ഥിതിഗതികൾ, ബാധ്യതകളും, സാധ്യതകളും എന്നിവ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | അപ്രകാരം ഒരു കുറിപ്പ് തയ്യാറാക്കി സമർപ്പിക്കുകയുണ്ടായിട്ടില്ലെങ്കിൽ, നിലവിലെ സാമ്പത്തിക സ്ഥിതിഗതികൾ, ബാധ്യതകളും, സാധ്യതകളും എന്നിവ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ? | |

അക്കൗണ്ട്സ് ഓഫീസർ

# അനുബന്ധം

അക്കൗണ്ടന്റ് ജനറലിന്റെ 2015 ഡിസംബർ 31 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 47273.77 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 40226.73 കോടി രൂപയേക്കാൾ 17.52% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 52141.44 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 49075 കോടി രൂപയേക്കാൾ 6.24% കൂടുതലാണ്. 2015 ഡിസംബർ 31 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 3612.81 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 02.02.2016 ൽ ട്രഷറി ബില്ലുകളിലായി 1270.68 കോടി രൂപ നിക്ഷേപമുണ്ട്.

സംസ്ഥാനത്തിന്റെ റവന്യു കമ്മി ഡിസംബർ 2015 വരെ 4867.68 കോടി രൂപയാണ്. റവന്യു കമ്മിയും ധനക്കമ്മിയും ധന ഉത്തരവാദിത്ത നിയമത്തിൽ ലക്ഷ്യമിട്ട പരിധിക്കുള്ളിൽ നിർത്താൻ സാധിച്ചിട്ടില്ലെങ്കിലും നിയന്ത്രണ വിധേയമാണ്.

ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും കേന്ദ്ര വിഹിതത്തിലുണ്ടായ ഗണ്യമായ കുറവും റവന്യൂ വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ചാ നിരക്ക് കൈവരിക്കാൻ സാധിക്കാതിരുന്നതും വൻകിട അടിസ്ഥാന വികസന പദ്ധതികൾക്കായി തുക നീക്കിവയ്ക്കേണ്ടി വന്നതിനാലും സംസ്ഥാനത്തെ നേരിയ സാമ്പത്തിക ഞെരുക്കത്തിലാക്കിയിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും പെൻഷനും പരിഷ്കരിച്ചതിലൂടെ ഉണ്ടാകുന്ന അധിക ബാദ്ധ്യത അടുത്ത സാമ്പത്തിക വർഷത്തിൽ നേരിടേണ്ടതുണ്ട്. കൂടാതെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ശമ്പള കുടിശ്ശികയിനത്തിൽ 7121 കോടി രൂപയും പെൻഷൻ കുടിശ്ശികയിനത്തിൽ 5467 കോടി രൂപയും 2017-18, 2018-19 എന്നീ വർഷങ്ങളിലായി കൊടുത്തു തീർക്കേണ്ടതുണ്ട്.

നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി കുടിശ്ശികയിന്മേലും ടാക്സ് അസസ്മെന്റിന്മേലും വിവിധ അപ്പലേറ്റ് അതോറിറ്റികൾ അനുവദിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനും ഉള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. സാമ്പത്തിക കാര്യങ്ങളിൽ അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. വിവിധ ഓഫീസ്

ചെലവുകൾ നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പു മന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുഗമമായ പദ്ധതി നിർവ്വഹണത്തിനും 23.01.2015 ലെ സ.ഉ. (പി) നം. 48/2015/ധന പ്രകാരം ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് (ELA) നടപ്പിലാക്കി.

അക്കൗണ്ട്സ് ഓഫീസർ